# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 831** **06/06/2018-ൽ മറുപടിയ്ക്ക്**

## <u>പി.കെ.കാളൻ കുടുംബക്ഷേമപദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ :** | | **ശ്രീ. എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പി.കെ.കാളൻ കുടുംബ ക്ഷേമ പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | പട്ടികവർഗ്ഗ മേഖലകൾക്കു പുറത്ത് എല്ലാ ജില്ലകളിലും ചിന്നിചിതറി താമസിക്കുന്ന ഒറ്റപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഫലങ്ങൾ ലഭിക്കുന്നില്ല. ഇത്തരം കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റുന്നതിന് കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെയാണ് പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് പ്രാഥമിക സർവ്വെ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 7679 പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് മൈക്രോപ്ലാനുകൾ രൂപീകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് സർക്കാർ വകുപ്പുകളുമായി ഏകോപിപ്പിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്.<br><br>ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, കാർഷികം, ജലസേചനം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ പദ്ധതികൾ ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി ഇതിനകം എവിടെയൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | പി.കെ.കാളൻ കുടുംബ പദ്ധതി ആലപ്പുഴ ജില്ലയിലെ ആര്യനാട്, മണ്ണഞ്ചേരി, മാരാരിക്കുളം സൗത്ത്, മാരാരിക്കുളം നോർത്ത്, ആലപ്പുഴ നഗരസഭ എന്നീ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെ മൈക്രോപ്ലാനുകൾ തയ്യാറാക്കി ടി മേഖലയിലെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ 5 കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മൈക്രോപ്ലാനുകൾ രൂപീകരിക്കുന്നതിന്റെ അന്തിമ ഘട്ടത്തിലാണ്. മറ്റ് ജില്ലകളിലെ കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ 2018-19-ൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ